(ഡി) 25-11-2013-ൽ സ.ഉ(സാധാ)നമ്പർ. 459/13/ഐ.&പി. ആർ പ്രകാരം ഇൻഫർമേഷൻ ഹബ്ബിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ മുൻ സാമ്പത്തിക വർഷം ഐ.ടി. വകുപ്പ് പദ്ധതിയിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിനാൽ ഈ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഐ.ടി. വകുപ്പിന്റെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുതിയ പ്രൊപ്പോസൽ 17-6-2014-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇൻഫർമേഷൻ ഹബ്ബിന് പ്രത്യേക തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഫയൽ ധനവകുപ്പിന്റെ അനുമതിക്കായി നൽകുകയും ധനവകുപ്പ് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്ലാനിംഗ് വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കിയ ശേഷം ഇൻഫർമേഷൻ ഹബ്ബ് അരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകി പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൃഗസംരക്ഷണത്തിന് ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്

26 (*716) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ്:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) എവിടെയൊക്കെയാണ് ഇത് നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് 2009-2010 സാമ്പത്തികവർഷം മുതൽ 2012-13 വരെ സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ധനസഹായവും പങ്കാളിത്തവും ലഭ്യമാക്കിക്കൊണ്ട് എ.പി.എൽ./ബി.പി.എൽ. ഭേദമില്ലാതെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിവിധ മൃഗസംരക്ഷണ ഉപാധികൾ ചെറിയ യൂണിറ്റുകളായി കർഷകരിൽ എത്തിക്കുകയും അതിലൂടെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി)

2009-10

ജില്ല	ഗ്രാമപഞ്ചായത്ത്
1. കൊല്ലം	ചിറക്കര
2. കോഴിക്കോട്	പെരുവയൽ

2010-11

ജില്ല	ഗ്രാമപഞ്ചായത്ത്
1. തിരുവനന്തപുരം	ഒറ്റൂർ
2. കൊല്ലം	തൊടിയൂർ
3. കോട്ടയം	തലയാഴം
4. എറണാകുളം	കോട്ടപ്പാടി
5. തൃശ്ശൂർ	അടാട്ട്
6. മലപ്പുറം	നിലമ്പൂർ
7. പാലക്കാട്	അകത്തേത്തറ
8. കണ്ണൂർ	നടുവിൽ

2011-12

ജില്ല	ഗ്രാമപഞ്ചായത്ത്
1. പത്തനംതിട്ട	കോയിപ്രം
2. ഇടുക്കി	നെടുങ്കണ്ടം
3. പാലക്കാട്	പെരുമാട്ടി
4. ആലപ്പുഴ	ഭരണിക്കാവ്
5. കാസർഗോഡ്	കല്ലാർ
6. തൃശ്ശൂർ	പാണഞ്ചേരി
7. കൊല്ലം	ചാത്തന്നൂർ
8. എറണാകുളം	തുറവൂർ
9. കോട്ടയം	മുളക്കുളം

LIBRARY ARCHIVES Kerala Legislative Assembly

10. മലപ്പുറം	പെരുമണ്ണം
11. തിരുവനന്തപുരം	നെല്ലനാട്
12. കണ്ണൂർ	പെരിങ്ങോംവയക്കര
13. വയനാട്	ഇടവക
14. കോഴിക്കോട്	തിരുവള്ളൂർ

2012-13

ജില്ല	ഗ്രാമപഞ്ചായത്ത്
1. കോട്ടയം	കടപ്ലാമറ്റം
2. മലപ്പുറം	കോട്ടക്കയം
3. തൃശ്ശൂർ	അതിരപ്പിള്ളി
4. എറണാകുളം	ഇടക്കാട്ടുവയൽ
5. ഇടുക്കി	ഇടുക്കി ബ്ലോക്ക്
6. തിരുവനന്തപുരം	ഇലകമൺ
7. കൊല്ലം	നെടുമ്പന
8. പാലക്കാട്	കൊട്ടേപ്പാടം
9. ആലപ്പുഴ	ചെന്നിത്തല

(ഡി) കേന്ദ്ര സഹായം ലഭിക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവരുടെ കൂലി കുടിശ്ശിക

27 (*717) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവർക്ക് നൽകേണ്ട കൂലി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി വകമാറ്റിയ തുക പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് പഞ്ചായത്തുകൾക്ക് നൽകിയിരുന്നുവോ ;

(ബി) ഇപ്രകാരം വകമാറ്റപ്പെട്ട തുക എന്നത്തേക്ക് തിരികെ പഞ്ചായത്തുകൾക്ക് നൽകുമെന്നാണ് അറിയിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly